ചീഫ് മിനിസ്റ്റർ (സി. കേശവൻ):

(എ) വ.

(ബി) ആംഗ്ലിക്കൻ ഫ, നായർ ന, ബ്രാഹ്മണൻ ന, ഈഴവൻ ഫ

ഭക്ഷ്യധാന്യനിയന്ത്രണം

*ഫ ഫഫ ന (ഫ ഠ) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

ഭക്ഷ്യധാന്യനിയന്ത്രണം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ കേന്ദ്ര കോൺഗ്രസ്സ് പാർട്ടി പണ്ഡിറ്റ് താക്കൂർദാസ് ഭാർഗവയുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

ഇരുമ്പു നിയന്ത്രണം

*ഫ ഫഫ ഭ (ഫ ഫ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് കൺട്രോൾ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെർമിറ്റിൽ കവിഞ്ഞു വലിയ തോതിൽ ഇരുമ്പു ശേഖരിച്ചു വച്ചിരുന്ന കച്ചവടക്കാരുടെ മേൽ ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നടപടി നടത്തിയോ;

(ബി) 'എ'ക്കുത്തരം നടപടി നടത്തി എന്നാണെങ്കിൽ അതു് എന്നായിരുന്നു;

(സി) എത്ര കറക്കാർ ഉണ്ടായിരുന്നുവെന്നും അതിൽ എത്രപേരെ പ്രോസിക്യൂട്ട് ചെയ്തുവെന്നും പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) നാലുമാസത്തിനു മുമ്പ്.

(സി) നാലുപേർ. ചിലരെ നിയമമനുസരിച്ച് ഡിറെയിൻ ചെയ്യുകയും ചിലരെ പ്രോസിക്യൂട്ട് ചെയ്തുയും ചെയ്തിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇത്ര വലിയ തോതിൽ ഇരുമ്പ് അവരുടെ കയ്യിൽ വന്നുചേർന്നതെങ്ങിനെ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ഇട്ടേര അയ്യക്കൻ: സ്റ്റോക്ക് ചെയ്തിട്ടുള്ളതെല്ലാം ഗവൺമെണ്ട് നൽകിയിട്ടുള്ള പെർമിറ്റനുസരിച്ച് വാങ്ങിയിട്ടുള്ളതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ലെന്നാണറിവ്. വ്യക്തികളിൽനിന്നോ വ്യക്തിസമൂഹങ്ങളിൽനിന്നോ വാങ്ങിച്ചതാണ്.

ശ്രീ. ഇട്ടേര അയ്യക്കൻ: ബോംബെയിലെ ഒരു കമ്പനിയിൽനിന്നും കൂടുതൽ വിലകൊടുത്തു് വാങ്ങിയിട്ട് അതു് അതിനനുസരിച്ച് കൂടുതൽ വിലക്ക് വില്ക്കുന്നതു് ബ്ലാക്കുമാർക്കറ്റ് പരിധിയിൽ പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: അതു ബ്ലാക്കുമാക്കറിന്റെ ഡെഫനിഷൻ പോലെയിരിക്കും.

ശ്രീ. ഇട്ടേര അമ്മുക്കൻ: അങ്ങനെയുള്ള വ്യാപാരം നിലച്ചുപോയതു കൊണ്ടു് കച്ചവടത്തിനു് മാന്ദ്യം സംഭവിച്ചതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരഭിപ്രായം മാത്രമാണു്.

സാഹിബു് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു്: അറസ്റ്റുചെയ്യുവരെ എന്തുചെയ്യും?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനാവശ്യമുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. ഐ. പോൾ: പെർമിറ്റു് അനുസരിച്ചു് ധാരാളം കൊടുക്കാത്തതുകൊണ്ടു് അതായതു് വളരെ കുറച്ചുമാത്രം കപ്പാണ്ടിറിക്കു് പെർമിറ്റു് നൽകുന്നതുകൊണ്ടു് മിച്ചം ധാരാളം വരുന്നതായും അതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിലേക്കു് എടുത്തുവരുന്നതായും അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഗവൺമെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള. ചില എജൻറന്മാർ ഈ പെർമിറ്റുകളും കൈമാറ്റം ചെയ്തുവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: ഇരുമ്പു് കൂടുതൽ കിട്ടുന്നതിനു് ശ്രമിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് ശ്രമിച്ചുവരുന്നുണ്ടു്.

അദ്ധ്യാപക പണിമുടക്കു്

*൧൭൫൮ വ്യ. (൨൫) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയം മറുപടി നല്കുമോ.—

(എ) പ്രൈവറ്റു് സെക്കൻഡറി സ്കൂൾ മാനേജരന്മാരെക്കൊണ്ടു് വ്യവശതമാനം ഫീസുപിരിവു് കെട്ടിവെപ്പിക്കാൻ അദ്ധ്യാപകർ നടത്തിയ പണിമുടക്കിനു് ഗവൺമെണ്ടു് പ്രോത്സാഹനം നല്കുയിട്ടുണ്ടോ;

(ബി) എ. ടി. എസ്സ്. എ. പണിമുടക്കു പിൻവലിച്ചതിനശേഷം തഴവാ (കരുനാഗപ്പള്ളി താലൂക്കു്)യിലുള്ള ഒരു മിഡിൽസ്കൂളിലെ അദ്ധ്യാപകന്മാർ അവക്കു വേറൊരു മാനേജരുണ്ടെങ്കിൽ മറ്റു പുതിയ സ്കൂൾ അനുവദിക്കുന്നതുവരെ പണിമുടക്കു തുടരുകയുണ്ടായോ;

(സി) പുതിയ സ്കൂൾ അനുവദിക്കുന്നതായിരിക്കും എന്നു നിലവിലുണ്ടായിരുന്ന സ്കൂളിന്റെ മാനേജക്കു് നോട്ടീസ് കൊടുത്തതെന്നാണു്;

(ഡി) പുതിയ സ്കൂൾ അനുവദിച്ച ഉത്തരവിന്റെ തീയതി എന്നാണു്;

(ഇ) ഈ സ്റ്റേറ്റിൽ ആകെ എത്ര സ്കൂളുകൾ മേൽപറഞ്ഞതരം അദ്ധ്യാപക പണിമുടക്കിന്റെ പേരിൽ നിറുത്തലാക്കിയിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly